Deshabhimani-14-05-2018-P-02

■ അക്കാദമിക, ഗവേഷണ മേഖലകൾ ഉണർന്നു

# കാർഷിക സർവകലാശാലയ്ക്ക് പുരോഗതിയുടെ കുതിപ്പ്

■ 23 ഇനം വിളകൾ വികസിപ്പിച്ചത് 26ന് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും

■ ഓരോ ഗവേഷണ കേന്ദ്രവും ഓരോ ഗ്രാമങ്ങൾ രണ്ടു വർഷത്തേക്ക് ദത്തെടുക്കും

■ കാർഷിക സാങ്കേതിക-വിജ്ഞാന കേന്ദ്രത്തിൽ ഹരിത ജാലകം അഗ്രി മിനി മാൾ

വി എം രാധാകൃഷ്ണൻ

തൃശൂർ

എൽഡിഎഫ് ഭരണത്തിൽ കേരള കാർഷിക സർവകലാശാലയ്ക്ക് പുരോഗതിയുടെ കുതിപ്പ്. അക്കാദമിക, ഗവേഷണ മേഖലകൾ ഉണർന്നു. കാർഷിക പഠനത്തിന് 160 സീറ്റുകൾകൂടി വർധിപ്പിച്ചു. അനധ്യാപക ഒഴിവുകൾ പിഎസ്‌സി മുഖേന നികത്തി. ഒഴിവുള്ള അധ്യാപക തസ്തികകളിൽ നിയമനത്തിന് നടപടിയായി. പ്രവേശനംമുതൽ മൂല്യനിർണയംവരെ ഓൺലൈൻ സംവിധാനത്തിലാക്കി. സർവകലാശാലാ ഭരണകാര്യാലയത്തിന് സ്വന്തം കെട്ടിടമായി.

23 ഇനം വിളകൾ വികസിപ്പിച്ചത് 26ന് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. വയനാട്ടിലും കുമരകത്തും കാർഷിക കോളേജുകൾ, ഫാം ബിസിനസ് സ്കൂൾ, ഗ്രാമങ്ങളെ ദത്തെടുക്കൽ തുടങ്ങി ഒട്ടേറെ നടപടികൾ കെ വി വിജയദാസ് എംഎൽഎ അവതരിപ്പിച്ച പുതിയ ബജറ്റ് നിർദേശിക്കുന്നു. കാർഷിക സർവകലാശാലയിൽ ഏറ്റവും വലിയ നേട്ടങ്ങളുണ്ടായത് കഴിഞ്ഞ രണ്ടു വർഷത്തിനിടയിലാണെന്ന് ഭരണസമിതി അംഗങ്ങളായ കെ രാജൻ എംഎൽഎയും ഡോ. ടി പ്രദീപ്കുമാറും പറഞ്ഞു.

## 27 ഗവേഷണ കേന്ദ്രങ്ങൾ, 2000 വിദ്യാർഥികൾ

വെള്ളാനിക്കര ആസ്ഥാനമായുള്ള സർവകലാശാലയ്ക്കു കീഴിൽ ആറു കോളേജുകളും കാലാവസ്ഥാ പഠന അക്കാദമിയും രണ്ടായിരത്തിൽപ്പരം വിദ്യാർഥികളും 350 അധ്യാപകരും ആയിരത്തിലേറെ ജീവനക്കാരും കാഷ്വൽ തൊഴിലാളികളുമുണ്ട്.

കൃഷിയോടുള്ള എൽഡിഎഫ് സർക്കാരിന്റെ അനുകൂല സമീപനം കാർഷിക സർവകലാശാലയുടെ പ്രവർത്തനത്തിലും പ്രതിഫലിക്കുന്നു. ശമ്പളംപോലും മുടങ്ങിയിരുന്ന അവസ്ഥയിൽനിന്ന് അക്കാദമിക, ഗവേഷണ മേഖലയിലും പുരോഗമനപരമായ പദ്ധതികൾ നടപ്പാക്കാനായി.

## സർക്കാർ സഹായം വർധിപ്പിച്ചു

2015-16 ൽ പദ്ധതിയിന ധനസഹായമായി 35.63 കോടി രൂപ മാത്രാണ് കാർഷിക സർവകലാശാലയ്ക്ക് ലഭിച്ചത്. എന്നാൽ, 2016-17 ൽ 65.5 കോടിയും 2017-18ൽ 75 കോടിയും എൽഡിഎഫ് സർക്കാർ അനുവദിച്ചു. സർക്കാരിന്റെ നിശ്ചയദാർഢ്യവും കൊണ്ടുമാത്രമാണ് സർവകലാശാലയിലെ ഒഴിവുകൾ നികത്താൻ നടപടിയായത്.



ചുവടുറപ്പിച്ച് മുന്നോട്ട്

പ്രവേശനംമുതൽ മൂല്യനിർണയംവരെ ഓൺലൈൻ ആക്കി കാര്യങ്ങൾ ചിട്ടപ്പെടുത്തി. പരീക്ഷാഫലം കൃത്യസമയത്ത് പ്രസിദ്ധീകരിക്കാനായി. സീറ്റുകൾ വർധിപ്പിച്ചതോടെ കാർഷിക വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ വിദ്യാർഥികൾക്ക് അവസരം ലഭിക്കുന്നു. വയനാട്ടിൽ കാർഷിക കോളേജ് തുടങ്ങാനും നടപടിയെടുത്തു. വിദ്യാർഥികൾക്കായി പ്ലേസ്‌മെന്റ് സെൽ പ്രവർത്തനമാരംഭിച്ചു.

നാലരപതിറ്റാണ്ടായിട്ടും ഹോർട്ടികൾച്ചർ കോളേജിന്റെ അക്കാദമിക് ബ്ലോക്കിൽ പ്രവർത്തിച്ചുവന്ന സർവകലാശാലാ ഭരണകാര്യാലയത്തിന് സ്വന്തം കെട്ടിടമുണ്ടായത് ഇപ്പോഴാണ്. ഇത് സുപ്രധാന നാഴികക്കല്ലാണ്. പുതിയ കെട്ടിടത്തിൽ പൊതു ഭരണം, അക്കാദമിക്, ധനകാര്യം, ഗവേഷണം എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കും. സ്പോർട്സ് പവിലിയൻ നിർമിക്കാനുള്ള നടപടികളും ആരംഭിച്ചു.



കേരള കാർഷിക സർവകലാശാലയുടെ പുതിയ അക്കാദമിക് ബ്ലോക്ക്

## ഗവേഷണ മേഖല കുതിക്കുന്നു

ഗവേഷണരംഗത്തും ശ്രദ്ധേയ കുതിച്ചുചാട്ടത്തിനാണ് രണ്ടു വർഷം സാക്ഷ്യം വഹിച്ചത്. വെള്ളക്കെട്ടും ലവണാധിക്യവും പ്രതിരോധിക്കാൻ കഴിവുള്ള നെല്ലിനങ്ങളുൾപ്പെടെ നിരന്തര ഗവേഷണ, നിരീക്ഷണ പ്രവർത്തനങ്ങളിലൂടെ 23 പുതിയ വിളയിനങ്ങൾ വികസിപ്പിച്ചെടുത്തു. ഗവേഷണ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനായി ഓൺലൈൻ സംവിധാനങ്ങളും സോഫ്റ്റ്‌വെയറുകളും ഏർപ്പെടുത്തി. കാർഷിക സർവകലാശാലയുടെ ഗുണമേന്മയുള്ള വിത്തു-നടീൽ വസ്തുക്കൾക്കുള്ള ഡിമാൻഡ് പരിഗണിച്ച് വിത്തുകളുടേയും നടീൽ വസ്തുക്കളുടേയും ഉൽപ്പാദനം വർധിപ്പിക്കാനും കഴിഞ്ഞു.

ഭക്ഷ്യസംസ്കരണ, മൂല്യവർധന രംഗങ്ങളിൽ സ്വയം സംരംഭകത്വ വികസനത്തിന് വഴിയൊരുക്കാൻ ഫാം ബിസിനസ് സ്കൂളും കാർഷിക സ്വയംസംരംഭകത്വ പരിശീലനകളരിയും ആരംഭിക്കാനുള്ള നടപടികളായി. കാർഷിക യന്ത്രവല്ലരണം സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കാനും ശക്തിപ്പെടുത്താനും കർമപദ്ധതി ആവിഷ്കരിച്ചു.

## തദ്ദേശ സ്ഥാപന പദ്ധതികളിൽ പങ്കാളിത്തം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക വികസന പദ്ധതികളിൽ സജീവ പങ്കാളിത്തം വഹിച്ച് സാമൂഹ്യബാധ്യത നിറവേറ്റുന്ന പദ്ധതി കഴിഞ്ഞ വർഷം തുടങ്ങി. ആലത്തൂർ, തളിപ്പറമ്പ്, ഒല്ലൂർ മണ്ഡലങ്ങളിലെ കാർഷിക വികസന പദ്ധതികൾക്ക് രൂപം നൽകാൻ ക്രിയാത്മകമായ പങ്കുവഹിച്ചു. സർവകലാശാലയുടെ ഓരോ ഗവേഷണ കേന്ദ്രവും ഓരോ ഗ്രാമങ്ങൾ രണ്ടു വർഷത്തേക്ക് ദത്തെടുത്ത് കാർഷിക വികസനത്തിൽ തുണയാകുക എന്ന കർമപരിപാടിക്ക് ഈ വർഷം തുടക്കമിടും. യുവജനങ്ങളെ കൃഷി, കൃഷിയനുബന്ധ മേഖലകളിലേക്ക് ആകർഷിക്കാനായി സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിച്ചു. കാർഷിക വിജ്ഞാനം വിരൽത്തുമ്പിൽ എന്ന ലക്ഷ്യത്തോടെ ഇ-ലേണിങ് സെന്റർ മുഖേന വിവിധ ഓൺലൈൻ കാർഷിക കോഴ്സുകളും നടത്തിവരുന്നു.

കർഷകർക്ക് സംശയ ദൂരീകരണത്തിനായി ആവിഷ്കരിച്ച മുഖാമുഖം പരിപാടി തൃശൂർ, കോട്ടയം, ഇടുക്കി ജില്ലകളിൽ നടപ്പാക്കി. ഹരിത കേരളം പദ്ധതിക്ക് കാർഷിക സർവകലാശാല നൽകിവരുന്ന സാങ്കേതിക സഹായം സുപ്രധാനം. ഇക്കോ പാർക്ക് ഉടനെ സന്ദർശകർക്ക് തുറന്നു കൊടുക്കും. മണ്ണുത്തി കാർഷിക സാങ്കേതിക-വിജ്ഞാന കേന്ദ്രത്തിൽ ഹരിത ജാലകം എന്ന അഗ്രി മിനി മാൾ തുറന്നു. കൃഷി വകുപ്പ് തൃശൂരിൽ ആരംഭിച്ച ഹൈപ്പർ അഗ്രിബസാറിൽ കാർഷിക സർവകലാശാലയുടെ കൗണ്ടർ ആരംഭിച്ചു.

## സർക്കാരിന്റെ ജൈവ നയത്തിന് പിന്തുണ

സംസ്ഥാന സർക്കാരിന്റെ ജൈവ നയത്തിനനുസൃതമായി ജൈവ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചു. പ്രധാന വിളകൾക്ക് ജൈവ കീട-രോഗനിയന്ത്രണ മാർഗങ്ങൾ വികസിപ്പിക്കുന്നതിനും സംവിധാനമൊരുക്കി. ജൈവകൃഷിക്കായി പ്രത്യേക വിളപരിപാലന സംഹിത പ്രസിദ്ധീകരിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യനിർമാർജനത്തിന് സാങ്കേതിക പിന്തുണ നൽകുന്നതിലും കാർഷിക സർവകലാശാല സുസ്സജ്ജമായി. ആർ ചന്ദ്രബാബുവാണ് പുതിയ വൈസ് ചാൻസലർ.